പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

## മൂന്നാമത് റിപ്പോർട്ട്

(2012 മാർച്ച് 21-ാം തീയതി സമർപ്പിച്ചത്)

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ്
ലെജിസ്ലേഷൻ സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ
ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച
നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ
ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**മൂന്നാമത് റിപ്പോർട്ട്**

(2012 മാർച്ച് 21-ാം തീയതി സമർപ്പിച്ചത്)

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

353/2012.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| അവതാരിക | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അദ്ധ്യായം 1 | | .. | 1 |
| അദ്ധ്യായം 2 | സമിതി ശുപാർശകൾ, സർക്കാർ മറുപടികൾ, അവയിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ, അവയ്ക്കുള്ള സർക്കാർ മറുപടി എന്നിവ | .. | 1 |
| അദ്ധ്യായം 3 | സമിതി ശുപാർശകൾ | .. | 18 |
| അനുബന്ധം I | | .. | 20 |
| അനുബന്ധം II | | .. | 21 |
| അനുബന്ധം III | | .. | 22 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

## ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ.

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി യുടെ ഏഴാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിനൊന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004-2006)-യുടെ ഏഴാമത് റിപ്പോർട്ട് 2004 ജൂലൈ 20-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതി വിവിധ യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ താണ് ഈ റിപ്പോർട്ട്.

2012 മാർച്ച് 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

തിരുവനന്തപുരം,
2012 മാർച്ച് 21.

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

# റിപ്പോർട്ട്

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004-06)-യുടെ ഏഴാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

### അദ്ധ്യായം 1

പതിനൊന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2004-06) യുടെ ഏഴാമത് റിപ്പോർട്ട് 2004 ജൂലൈ 20-ാം തീയതിയാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിന്റെ 26-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു കൊണ്ട് പുറപ്പെടുവിച്ച 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 332/2002) സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ ആകെ ഇരുപത്തിയൊന്ന് ശുപാർശകൾ ഉണ്ടായിരുന്നു. ഈ ഇരുപത്തിയൊന്ന് ശുപാർശകളിൽ ഇരുപത് ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദമായ മറുപടി സമിതിക്ക് ലഭിക്കുകയുണ്ടായി.

വിവിധ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും കൂടുതൽ വിശദവിവരങ്ങൾ അറിയേണ്ടവയിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും സമിതി തെളിവെടുക്കുകയും അതിന്റെ കൂടി അടിസ്ഥാനത്തിൽ സമിതിയുടെ ഇരുപത് ശുപാർശകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഗവൺമെന്റ് മറുപടി അംഗീകരിക്കുകയും ചെയ്തു.

സമിതി (2004-06) യുടെ ഏഴാമത് റിപ്പോർട്ടിലെ സമിതി ശുപാർശകളും, അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികളും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. സമിതിയുടെ പുതിയ ശുപാർശകൾ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നു.

### അദ്ധ്യായം 2

## സമിതി ശുപാർശകൾ, സർക്കാർ മറുപടികൾ, അവയിൻമേൽ സമിതി ആരാഞ്ഞ അധികവിവരങ്ങൾ, അവയ്ക്കുള്ള സർക്കാർ മറുപടി എന്നിവ

### 72-ാം ഖണ്ഡികയിലെ ശുപാർശ

ആക്ടിലെ 3-ാം വകുപ്പുപ്രകാരം ഓരോ ജില്ലയ്ക്കുംവേണ്ടി രൂപീകരിക്കുന്ന ജില്ലാ വിദഗ്ദ്ധ സമിതിയിൽ അതാത് ജില്ലയിലെ നിർമ്മാണ തൊഴിലാളി സംഘടനകളുടെ രണ്ടിൽ കൂടാത്ത പ്രതിനിധികളേയും ജില്ലയിലെ എല്ലാ നിയമസഭാംഗങ്ങളേയും

നാമനിർദ്ദേശം നടത്തുകയും ജില്ലാ വിദഗ്ദ്ധ സമിതികളുടേയും കടവുകമ്മിറ്റികളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

മൂലനിയമത്തിലുള്ള ബിൽ സഭയിൽ അവതരിപ്പിച്ച സന്ദർഭത്തിൽ സഭയിൽ തന്നെ ചില മെമ്പർമാർ ഉന്നയിച്ചതും അത് വിഷയനിർണ്ണയ കമ്മിറ്റി വിശദമായി പരിശോധിച്ചശേഷം അത്തരം ഒരു ഭേദഗതി ആവശ്യമില്ലായെന്ന് തീരുമാനിച്ചിട്ടുള്ളതുമാണ്. നിയമസഭാ അംഗങ്ങളെല്ലാം അതത് ജില്ലാ സമിതിയിൽ അംഗങ്ങളായാൽ സമിതിയുടെ അംഗസംഖ്യ വർദ്ധിക്കുകയും സഭ കൂടുന്ന സമയം ജില്ലാ സമിതി കൂടി തീരുമാനങ്ങൾ എടുക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് ഉണ്ടാക്കും. കൂടാതെ നദികളില്ലാത്ത നിയോജകമണ്ഡലങ്ങളിലെ സാമാജികരെ ഈ സമിതിയിൽ അംഗമാക്കേണ്ടതുണ്ടോ എന്നും, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ് ആയ സാമാജികൻമാരെ ജില്ലാതല സമിതികളിൽ അംഗങ്ങളാക്കുന്നത് ഉചിതമാണോ എന്നും കളക്ടർ അദ്ധ്യക്ഷനായ സമിതിയിൽ നിയമസഭാ സാമാജികർ അംഗങ്ങളായി നാമനിർദ്ദേശം ചെയ്യുന്നത് ഉചിതമാണോയെന്നും സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശിച്ചു കാണുന്നില്ല. പാർലമെന്റിലേയും നിയമസഭകളിലേയും അംഗങ്ങൾ ഇത്തരം സമിതികളിൽ നിയമംമൂലം അംഗങ്ങളാക്കാമോയെന്ന് പരിശോധിക്കുവാൻ കേന്ദ്ര സർക്കാർ നിയോഗിച്ച ശ്രീ. വി. കെ. കൃഷ്ണമേനോൻ കമ്മിറ്റിയും ഇത്തരം കമ്മിറ്റികളിൽ നിയമസഭാ സാമാജികർ അംഗങ്ങളാകുന്നത് ശരിയല്ല എന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. കമ്മിറ്റിയുടെ 72-ാം നമ്പർ ശുപാർശയുടെ നിയമപരമായ കാഴ്ചപ്പാട് ബിസിനസ് ചട്ടങ്ങളിലെ 45-ാം ചട്ടപ്രകാരം പരിശോധിക്കുവാൻ നിയമ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

4-5-2005-ലെ യോഗത്തിൽ സമിതി മറുപടി പരിഗണിക്കുകയും, നിർമ്മാണ തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെ ജില്ലാ വിദഗ്ദ്ധ സമിതികളിൽ അംഗങ്ങളാക്കണമെന്ന സമിതി നിർദ്ദേശത്തിൻമേൽ എന്ത് തീരുമാനം എടുത്തു എന്ന് സർക്കാരിനോട് ആരായാൻ തീരുമാനിക്കുകയും ചെയ്തു. 18-5-2005-ലെ യോഗത്തിൽ ഇത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട് തെളിവെടുക്കുകയുണ്ടായി.

ഖണ്ഡിക 72-ൽ പരാമർശിക്കപ്പെട്ട ജില്ലാ വിദഗ്ദ്ധ സമിതിയിൽ അതാത് ജില്ലകളിലെ നിർമ്മാണ തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം മൂലനിയമത്തിനുള്ള ബിൽ സഭയിൽ അവതരിപ്പിച്ച സന്ദർഭത്തിലും വിഷയനിർണ്ണയ സമിതിയുടെ പരിഗണനാവേളയിലും ചർച്ച ചെയ്യപ്പെട്ടതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമില്ലെന്ന് തീരുമാനമെടുത്തിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. മാത്രവുമല്ല ഇതു സംബന്ധിച്ച് നിയമവകുപ്പുമായി ആലോചിച്ചശേഷം ജില്ലാ വിദഗ്ദ്ധ സമിതിയിൽ നിലവിലുള്ള അംഗങ്ങൾക്കുപുറമെ തൊഴിലാളി പ്രതിനിധി വേണ്ട എന്ന് സർക്കാർ തീരുമാനിക്കുകയായിരുന്നു എന്നും അദ്ദേഹം അറിയിച്ചു.

**18-5-2005-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി സർക്കാരിന്റെ ടി മറുപടി അംഗീകരിച്ചു.**

75-ാം ഖണ്ഡികയിലെ ശുപാർശ

ചട്ടം 9 (യു) പ്രകാരം തഹസിൽദാരുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതായ സ്ക്വാഡ് ഇനിയും ഏതെങ്കിലും പ്രദേശങ്ങളിൽ രൂപീകരിക്കാനുണ്ടെങ്കിൽ അവ എത്രയും വേഗം രൂപീകരിക്കണമെന്നും പ്രസ്തുത സ്ക്വാഡുകളുടെ കാര്യക്ഷമമായ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ആവശ്യമായ ക്രമീകരണം എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

കമ്മിറ്റിയുടെ ശുപാർശ എല്ലാ ജില്ലാ കളക്ടർമാരുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ശുപാർശ അനുസരിച്ച് സ്ക്വാഡ് രൂപീകരിക്കാത്ത പ്രദേശങ്ങളിൽ ഉടനടി സ്ക്വാഡ് രൂപീകരിക്കുവാനും അതാത് ജില്ലകളിൽ അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ആവശ്യമായ ക്രമീകരണം എല്ലാ കളക്ടറേറ്റുകളിലും ഏർപ്പെടുത്തുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

4-5-2005-ലെ യോഗത്തിൽ സമിതി മറുപടി പരിഗണിക്കുകയും, മണൽവാരൽ നിയന്ത്രണത്തിനായി ചട്ടം 9 (യു) പ്രകാരം തഹസിൽദാരുടെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതായ സ്പെഷ്യൽ സ്ക്വാഡുകളുടെ രൂപീകരണത്തേയും അവയുടെ പ്രവർത്തനങ്ങളേയും സംബന്ധിച്ച വിശദമായ കാര്യങ്ങൾ റവന്യൂ വകുപ്പിൽ നിന്നും ആരായുവാൻ തീരുമാനിക്കുകയും ചെയ്തു. 18-5-2005-ലെ യോഗത്തിൽ ഇത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട് തെളിവെടുക്കുകയുണ്ടായി.

റിപ്പോർട്ടിലെ ഖണ്ഡിക 75-ൽ പരാമർശിക്കപ്പെട്ട സ്ക്വാഡുകളുടെ രൂപീകരണവും പ്രവർത്തനവും സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ സമിതി ആരായുകയുണ്ടായി. ചട്ടം 9 (യു) പ്രകാരമുള്ള സ്ക്വാഡുകൾ എല്ലാ സ്ഥലങ്ങളിലും രൂപീകൃതമായിട്ടുണ്ടെന്നും അവയുടെ നേതൃത്വത്തിൽ അനധികൃത മണൽ ഖനനം നടത്തുന്നവരേയും മണൽ കടത്തുന്ന വാഹനങ്ങളേയും പിടികൂടി പിഴ ചുമത്തുന്നുണ്ടെന്നും അതിൻപ്രകാരം തിരുവനന്തപുരം ജില്ലയിൽ മാത്രം 1.85 കോടി രൂപ പിഴ ചുമത്തിയ വകയിൽ ലഭിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിലാണ് വകകൊള്ളിക്കുന്നതെന്നും യോഗത്തിൽ ഹാജരായ ഡെപ്യൂട്ടി ലാന്റ് റവന്യൂ കമ്മീഷണർ സമിതിയെ അറിയിച്ചു.

**18-5-2005-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി സർക്കാരിന്റെ ടി മറുപടി അംഗീകരിച്ചു.**

76-ാം ഖണ്ഡികയിലെ ശുപാർശ

ആക്ടിലെ വകുപ്പ് 12(1)-ൽ പറഞ്ഞിരിക്കുന്ന പ്രകാരം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ റോയൽറ്റി നൽകി മണൽ വാരുന്നതിനാവശ്യമായ പാസ്സുകൾ ഒരു മാസകാലയളവിനു മുൻകൂറായി നേടേണ്ടതാണ് എന്ന വ്യവസ്ഥ ഏറെ അപാകത

നിറഞ്ഞതും അഴിമതിക്ക് വകവയ്ക്കുന്നതും, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബുദ്ധിമുട്ടുകൾ വരുത്തുന്നതുമാണെന്ന് നിരവധി പരാതികൾ സമിതി മുമ്പാകെ വരികയുണ്ടായി. ആയതിനാൽ, പാസുകൾ കരസ്ഥമാക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇന്ന് അനുഭവപ്പെട്ടുവരുന്ന ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കാനാവശ്യമായ ക്രമീകരണങ്ങൾ നടപ്പാക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഇതു സംബന്ധിച്ച് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. 12(1) വകുപ്പിന് ആവശ്യമായ ഭേദഗതികൾ വരുത്തുന്ന കാര്യംകൂടി പരിശോധിക്കുവാൻ നിയമവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

4-5-2005-ലെ യോഗത്തിൽ സമിതി മറുപടി പരിഗണിക്കുകയും പാസുകൾ കരസ്ഥമാക്കുന്ന കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനായി ഉദ്ദേശിച്ചുകൊണ്ട് ചട്ടത്തിൽ വരുത്തിയ ഭേദഗതിയുടെയും ആക്ടിന്റെ സെക്ഷൻ 12(1)-ന് വരുത്താൻ ഉദ്ദേശിക്കുന്ന ഭേദഗതിയേയും സംബന്ധിച്ച വിശദാംശം ആരായുവാൻ തീരുമാനിക്കുകയും ചെയ്തു. 18-5-2005-ലെ യോഗത്തിൽ സമിതി ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് നേരിട്ട് തെളിവെടുക്കുക യുണ്ടായി.

ഖണ്ഡിക 76-ൽ പരാമർശിച്ചതുപ്രകാരം മൂലനിയമത്തിൽ വരുത്തുവാനുദ്ദേശി ക്കുന്ന ഭേദഗതികളെ സംബന്ധിച്ച് പഠിച്ചുവരികയാണെന്നും നിയമവകുപ്പിന്റെ അംഗീകാരത്തിന് വിധേയമായി അവ ഉടൻതന്നെ നടപ്പിലാക്കുമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച ചട്ടങ്ങളിൽ ഇതിനകം രണ്ട് ഭേദഗതികൾ വരുത്തിക്കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

**18-5-2005-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി സർക്കാരിന്റെ ടി മറുപടി അംഗീകരിച്ചു.**

78-ാം ഖണ്ഡികയിലെ ശുപാർശ

ചട്ടം 17-ൽ പറഞ്ഞിരിക്കുന്ന അധികാരങ്ങളും ചുമതലകളും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർ യുക്തമായ നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ മറുപടി

നിയമത്തിലെ വ്യവസ്ഥ പാലിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ ബാദ്ധ്യ സ്ഥരാണ്. ചട്ടം 17 ന്റെയും ശുപാർശയുടെയും ഒരു പകർപ്പ് തദ്ദേശഭരണ സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്. അതിൽ പറയുന്ന വ്യവസ്ഥകൾ കൃത്യമായി പാലിക്കുവാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയുടെ സെക്രട്ടറിമാർക്കും ഒരു സർക്കുലർ പ്രകാരം നിർദ്ദേശം നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

4-5-2005-ലെ യോഗത്തിൽ സമിതി റവന്യൂ വകുപ്പിന്റെ മറുപടി പരിഗണിക്കുകയും ചട്ടം 17-ൽ പറഞ്ഞിരിക്കുന്ന അധികാരങ്ങളും ചുമതലകളും തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് സമിതി 18-5-2005-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട് തെളിവെടുക്കുകയുണ്ടായി.

ഖണ്ഡിക 78-ലെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനധികൃത മണൽവാരൽ തടയുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 2005 ഫെബ്രുവരി 1-ാം തീയതി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അത് കർശനമായി പാലിക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും സ്വീകരിച്ച നടപടികളുടെ വിശദാംശം സമിതി ആരായുകയുണ്ടായി.

<u>തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള മറുപടി</u>

2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 17-ഉം 2003-ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ കടവുകളിൽ കടവ് വാച്ചർമാരെ നിയമിച്ചു പാസുകൾ വിതരണം ചെയ്ത് മണൽവാരൽ നിയന്ത്രിച്ചുവരുന്നുണ്ട്. അതുപോലെ കടവുകളിൽ പോസ്റ്റുകൾ സ്ഥാപിച്ച് ചങ്ങല ഇട്ട് കടവുകൾ സംരക്ഷിച്ചുവരുന്നുണ്ട്. മണൽ വാരുന്ന വള്ളങ്ങൾക്ക് ബോർഡുകൾ നൽകിയും മണൽവാരൽ തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡുകൾ നൽകുകയും ചെയ്തിട്ടുണ്ട്. അനധികൃത മണൽ വാരലിനെതിരെയും ഗ്രാമപഞ്ചായത്തുകൾ യുക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട് (19-12-2005-ലെ 2997/സി3/2005/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

21-12-2005-ൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. 17-ാം ചട്ടത്തിൽ പറഞ്ഞിരിക്കുന്ന അധികാരങ്ങളും ചുമതലകളും തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറി സമിതിയെ അറിയിച്ചു.

**21-12-2005-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി സർക്കാരിന്റെ മറുപടി അംഗീകരിച്ചു.**

81-ാം ഖണ്ഡികയിലെ ശുപാർശ

ചട്ടങ്ങളിൽ പുതുതായി കൂട്ടിച്ചേർത്ത ചട്ടം 19(എ) നീക്കം ചെയ്യണമെന്നും റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് സ്വരൂപിച്ച തുക ചട്ടം 22(3)-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കണമെന്നും അപ്രകാരം വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങളടങ്ങിയ സ്റ്റേറ്റുമെന്റ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ മറുപടി

ചട്ടം 19 (എ) അനുസരിച്ച്,—

(1) പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവമൂലമുണ്ടാകുന്ന അടിയന്തിര ഘട്ടങ്ങളിൽ നദീതീര സംരക്ഷണത്തിനുവേണ്ടിയുള്ള ഏതൊരു പ്രവൃത്തി ചെയ്യുന്നതിനും;

(2) പ്രസ്തുത സന്ദർഭങ്ങളിൽ നദീതീരവാസികളുടെ ദുരിതാശ്വാസത്തിന് സർക്കാർ ഉണ്ടാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ നടപ്പാക്കലിന് വേണ്ടിയും;

(3) നദീതീരവാസികളുടെ പുനരധിവാസത്തിന് സർക്കാർ ഉണ്ടാക്കുന്ന ഏതെങ്കിലും പദ്ധതിയുടെ നടപ്പാക്കലിനുവേണ്ടിയും ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്യുന്നു.

മൂലനിയമത്തിലെ ഒരു വ്യവസ്ഥതന്നെ നദീതീര സംരക്ഷണമാണ്. കാലവർഷക്കെടുതി കൊണ്ട് നദീതീരങ്ങളിൽ ഉണ്ടാകുന്നതും ഉടനടി ചെയ്യേണ്ടതുമായ പ്രവൃത്തികളാണ് പ്രസ്തുത ചട്ടത്തിൽ ഒന്നാമതായി പറഞ്ഞിരിക്കുന്നത്.

നദീതീരത്തിന്റെ സംരക്ഷണത്തിന്റെ ഭാഗമായി ഇപ്പോൾ നദീതീരങ്ങൾ കൈയ്യടക്കിയിട്ടുള്ള ആളുകളുടെ വീടുകൾക്ക് എല്ലാ കാലവർഷത്തിലും കേടുപാടുകൾ സംഭവിക്കുന്നുണ്ട്. ഇത്തരം ആളുകളുടെ വീടുകൾ പേമാരിമൂലം നിരന്തരമായി നശിക്കുകയാണെന്നും ഈ വീടുകൾ സ്ഥിതി ചെയ്യുന്നത് പട്ടയഭൂമിയിൽ അല്ലാത്തതിനാൽ ഇവയുടെ പുനരുദ്ധാരണത്തിന് ധനകാര്യ സ്ഥാപനങ്ങൾ വായ്പ നൽകുന്നില്ലെന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ഇത്തരം വീടുകൾക്ക് പുനരുദ്ധാരണത്തിന് നൽകുന്ന ധനസഹായം അപര്യാപ്തമാണെന്നും ഇത്തരം വീടുകൾ ഓരോ വർഷവും വീണ്ടും വീണ്ടും ഇതേ കാരണത്താൽ നശിക്കുന്നതുകൊണ്ട് ഇവരെ പുരധിവസിപ്പിക്കുകയാണ് നല്ലതെന്നും സർക്കാർ കരുതുന്നു. പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഇവരെ പുനരധിവസിപ്പിക്കുവാൻ യാതൊരു വ്യവസ്ഥയുമില്ല. നിലവിലുള്ള നദീതീരവാസികളെ അവിടെ നിന്നും മാറ്റിപാർപ്പിച്ച് അത്തരം നദീതീരപ്രദേശം സംരക്ഷിക്കേണ്ടത് ആവശ്യമാണ്. ചട്ടങ്ങളിലെ ഈ വ്യവസ്ഥ മൂലനിയമത്തിലെ വ്യവസ്ഥകൾക്ക് അനുസരണം മാത്രമാണ്. ഇതുകൂടാതെ വരൾച്ച സമയത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ടാങ്കർ ലോറികളിൽ ആവശ്യക്കാർക്ക് വെള്ളം എത്തിക്കുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ. പ്രസ്തുത ഫണ്ടിൽ നിന്നും നിലവിലുള്ള കിണറുകൾക്കോ കുളങ്ങൾക്കോ ആഴം കൂട്ടുന്നതിനോ അവ നിർമ്മിക്കുന്നതിനോ വ്യവസ്ഥയില്ല.

ഇത്തരം സന്ദർഭങ്ങളിൽ നദീതീരവാസികളുടെ ക്ഷേമത്തിനായി ഇത്തരം പ്രദേശങ്ങളിൽ ആവശ്യമെങ്കിൽ പ്രസ്തുത ഫണ്ടിൽ നിന്ന് കിണർ, കുഴൽ കിണർ ഇവ നിർമ്മിക്കുവാൻ കൂടി പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും അത് മൂലനിയമത്തിന് അനുസരണവുമാണ്. ആയതിനാൽ ചട്ടം 19 (എ) നീക്കം ചെയ്യണമെന്ന കമ്മിറ്റിയുടെ ശുപാർശയോട് സർക്കാർ യോജിക്കുന്നില്ല. കൂടാതെ ഇത് സംബന്ധിച്ച കണക്കുകൾ കമ്മിറ്റിക്ക് അതാത് കളക്ടർമാരിൽ നിന്നും ആവശ്യമെങ്കിൽ വാങ്ങി പരിശോധിക്കാവുന്നതാണ്. ഇതിലേക്ക് ചട്ടങ്ങളിൽ പ്രത്യേക വ്യവസ്ഥ കൊണ്ടുവരേണ്ടതുമില്ല. മറ്റ് നിയമങ്ങളിലും ഇത്തരം വ്യവസ്ഥ നാളിതുവരെ ഉണ്ടാക്കിയിട്ടുമില്ല (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

സമിതി 4-5-2005-ലെ യോഗത്തിൽ മറുപടി പരിഗണിക്കുകയും, റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് സ്വരൂപിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കണമെന്ന ശുപാർശയിൻമേൽ സർക്കാർ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്നും, 'സമിതിക്ക് ആവശ്യമെങ്കിൽ അതാത് ജില്ലാ കളക്ടർമാരിൽ നിന്നും വാങ്ങി പരിശോധിക്കാവുന്നതുമാണ്' എന്ന മറുപടി സമിതിയോടുള്ള അവഹേളനമാണെന്നും സമിതി വിലയിരുത്തുകയുണ്ടായി. പ്രസ്തുത പരാമർശത്തെക്കുറിച്ച് റവന്യൂ വകുപ്പ് സെക്രട്ടറിയുടെ വിശദീകരണം ആരായുവാനും, പ്രസ്തുത സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച് സമിതി 18-5-2005-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും നേരിട്ട് തെളിവെടുക്കുകയുണ്ടായി. "റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് സ്വരൂപിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ്" സമിതിക്ക് ലഭ്യമാക്കണമെന്ന 81-ാം നമ്പർ ഖണ്ഡികയിലെ ശുപാർശയ്ക്ക് മറുപടിയായി സമിതിക്ക് അത് ആവശ്യമെങ്കിൽ അതാത് ജില്ലാ കളക്ടർമാരിൽ നിന്നും വാങ്ങി പരിശോധിക്കാവുന്നതാണ് എന്ന മറുപടി തികച്ചും അനുചിതമായതിനാൽ അതിൽ സമിതിക്കുള്ള അതൃപ്തി ചെയർമാൻ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ അറിയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം ആരാഞ്ഞതിനുശേഷം അത് സമിതിയെ അറിയിക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി. ചട്ടങ്ങളിൽ പുതുതായി കൂട്ടിച്ചേർക്കപ്പെട്ട ചട്ടം 19(എ) നീക്കം ചെയ്യണമെന്നും റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് സ്വരൂപിച്ച തുക ചട്ടം 22(3)-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കണമെന്നുമാണ് സമിതിയുടെ ശുപാർശ; എന്നാൽ ചട്ടം 19 (എ) അനുസരിച്ച് പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ആവശ്യമായിവരുന്ന ചെലവുകൾക്ക് അധികാരം നൽകുന്ന ചട്ടം 19(എ) എടുത്തുകളയേണ്ട ആവശ്യമില്ലെന്നും അപ്രകാരം ചെലവഴിക്കുന്ന തുക സംബന്ധിച്ച കണക്ക് അതാത് ജില്ലാ കളക്ടർമാർ സൂക്ഷിക്കുന്നതിനാൽ സമിതിക്ക് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതാണെന്ന അർത്ഥത്തിലായിരിക്കാം അപ്രകാരം ഒരു മറുപടി നൽകിയതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് റിവർ മാനേജമെന്റ് ഫണ്ടിലേക്ക് ഇതുവരെ രണ്ടു കോടി അമ്പത്തെട്ടു ലക്ഷത്തി എണ്ണൂറ്റി എൺപത് രൂപ സ്വരൂപിച്ചിട്ടുണ്ടെന്നും ഇതിൽ നിന്നും പതിനേഴായിരത്തി ഇരുന്നൂറ്റി അറുപത്തിമൂന്ന് രൂപ മറ്റ് ചെലവുകൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും

ഒരു കോടി അറുപത്തിയൊന്ന് ലക്ഷത്തി പന്ത്രണ്ടായിരം രൂപയ്ക്കുള്ള പദ്ധതികൾ ഗവൺമെന്റ് അംഗീകാരത്തിനായി നൽകിയിട്ടുണ്ടെന്നും ഡെപ്യൂട്ടി ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചു. തുടർന്ന് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച് സർക്കാരിൽ നിന്നും സമിതി വിശദാംശം ആരാഞ്ഞു.

**10-8-2007-ലെ സമിതി യോഗത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം സമിതി അംഗീകരിച്ചു** (റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു) (22-6-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

## 82-ാം ഖണ്ഡികയിലെ ശുപാർശ

അനധികൃതമായി മണൽ കടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നത് സംബന്ധിച്ച ചട്ടം 28(2) പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ നിയമപരമായ പഴുതുകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കണമെന്നും കുറ്റകൃത്യത്തിൽ ഏർപ്പെടുന്ന വാഹനങ്ങൾ നിരുപാധികം വിടുതൽ ചെയ്ത് പോകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സർക്കാർ മറുപടി (റവന്യൂ വകുപ്പ്)

നിയമവകുപ്പ് തയ്യാറാക്കിയ ഭേദഗതി ബില്ലിൽ ഇതിലേക്ക് ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

4-5-2005-ലെ യോഗത്തിൽ സമിതി സർക്കാർ വിശദീകരണം പരിഗണിക്കുകയും ആഭ്യന്തര വകുപ്പിൽ നിന്നും അധികവിവരം ആരായാൻ തീരുമാനിക്കുകയും ചെയ്തു.

## സർക്കാർ മറുപടി (ആഭ്യന്തര വകുപ്പ്)

ഇക്കാര്യത്തിൽ പോലീസ് വകുപ്പിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും സിറ്റി പോലീസ് കമ്മീഷണർമാർക്കും 22-10-2003-ലെ ഡി1/55778/2003 നമ്പർ കത്തുപ്രകാരം പോലീസ് ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട് (22-10-2003-ലെ ഡി1/55778/2003 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു). മേൽപ്പറഞ്ഞ സർക്കാർ മറുപടി 16-1-2006-ൽ കൂടിയ സമിതിയുടെ യോഗത്തിൽ പരിഗണിക്കുകയും സമിതിയുടെ ശുപാർശയുടെ വെളിച്ചത്തിൽ നിലവിലുള്ള ഏതെങ്കിലും നിയമത്തിൽ ഭേദഗതി വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് ആരായാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത വിവരത്തിൻമേൽ സർക്കാരിൽ നിന്നും 15-5-2006-ൽ ലഭിച്ച മറുപടി ഇപ്രകാരമാണ്:

നിലവിലുള്ള മണൽവാരൽ നിയമത്തിൽ ഇപ്പോൾ തന്നെ നിലവിലുള്ള 27(3), 28(2) നിയമവ്യവസ്ഥ എല്ലാ പോലീസ് സൂപ്രണ്ടുമാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള തിനാൽ ഇക്കാര്യത്തിൽ പോലീസ് വകുപ്പിനെ സംബന്ധിച്ച് നിയമത്തിൽ ഭേദഗതി വരുത്തേണ്ട ആവശ്യകതയില്ലെന്ന വിവരം അറിയിക്കുന്നു (17-8-2005-ലെ 52354/ജെ2/2004/ആഭ്യ. നമ്പർ കത്തുപ്രകാരം ലഭിച്ചത്).

**13-9-2006-ലെ യോഗത്തിൽ സമിതി ആഭ്യന്തരവകുപ്പിൽ നിന്നും ലഭിച്ച മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

83-ാം ഖണ്ഡികയിലെ ശുപാർശ

മണൽവാരലിനായി കടവുകൾ തെരഞ്ഞെടുക്കുമ്പോൾ പരമാവധി മത്സ്യബന്ധന ത്തിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിലിനെ ബാധിക്കാത്ത രീതിയിലായിരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഈ ശുപാർശ എല്ലാ ജില്ലാ വിദഗ്ദ്ധ സമിതികളെയും അറിയിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതികൾ കടവുകൾ നിശ്ചയിക്കുമ്പോൾ പ്രസ്തുത ശുപാർശ കൂടി പരിഗണിക്കേണ്ട താണെന്നും അറിയിച്ചിട്ടുണ്ട് (30-3-2005-ലെ 3134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി പരിഗണിക്കുകയും അംഗീകരിക്കു കയും ചെയ്തു.**

84-ാം ഖണ്ഡികയിലെ ശുപാർശ

1908-ലെ ഇന്ത്യൻ പോർട്ട് ആക്ടിന്റെ പരിധിയിൽവരുന്ന തീരപ്രദേശങ്ങളിൽ നിന്ന് മണൽ നീക്കുന്നതിനും അതുപോലുള്ള മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനു മുള്ള സമ്പൂർണ്ണ അധികാരം, പോർട്ട് വകുപ്പിൽ നിക്ഷിപ്തമാണെന്നും ആയതിനാൽ, വിവിധ സർക്കാർ വകുപ്പുകൾ തമ്മിൽ അധികാരപരിധിയെയോ അനുബന്ധ പ്രശ്നങ്ങ ളെയോ സംബന്ധിച്ച് ഉണ്ടാകുന്ന ഇത്തരം തർക്കങ്ങൾ അതാത് ജില്ലാ കളക്ടർമാരുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ മറുപടി

ഈ ശുപാർശ നടപ്പാക്കുന്നതിലേക്ക് ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി പരിഗണിക്കുകയും അംഗീകരിക്കു കയും ചെയ്തു.**

83-ാം ഖണ്ഡികയിലെ ശുപാർശ

മൺസൂൺ കാലത്ത് മണൽ വാരുന്നതിൽ സമ്പൂർണ്ണ നിയന്ത്രണം ഏർപ്പെടുത്തുന്നതു നിമിത്തം നിർമ്മാണ രംഗത്ത് അനുഭവപ്പെടുന്ന മണൽക്ഷാമംമൂലമാണ് അനധികൃത മണൽഖനനം ഈ കാലയളവിൽ വ്യാപകമാകുന്നതെന്ന വസ്തുത കണക്കിലെടുത്ത് കാലവർഷ സമയത്തും, ചില നിയന്ത്രണങ്ങൾക്ക് വിധേയമായി പരിമിതമായ തോതിൽ മണൽവാരൽ അനുവാദം കൊടുക്കേണ്ടതുണ്ടോ എന്ന കാര്യത്തെക്കുറിച്ച് സർക്കാർ ആലോചിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

സർക്കാർ മറുപടി

മണൽവാരുന്നതിന് ഭാഗികമായും സമ്പൂർണ്ണമായും നിയന്ത്രണം ഏർപ്പെടുത്തുന്നതിന് മൂലനിയമം കളക്ടർക്കും സർക്കാരിനും അധികാരം നൽകിയിട്ടുണ്ട്. സമ്പൂർണ്ണ നിയന്ത്രണം സർക്കാർ നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. കളക്ടർമാർക്ക് നിയമമനുസരിച്ച് ഒരു മാസംവരെ മാത്രമേ നിരോധനം ഏർപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളു. നിലവിലുള്ള വ്യവസ്ഥകളിൽ ഇപ്പോൾ മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

86-ാം ഖണ്ഡികയിലെ ശുപാർശ

വനം മേഖലയിൽ വരുന്ന നദീതീരത്ത് ക്രമാതീതമായി ശേഖരിക്കപ്പെട്ടിട്ടുള്ള പുഴമണൽ കർശനമായ നിയന്ത്രണ നടപടികൾക്ക് വിധേയമായും പരിസ്ഥിതിക്ക് ആഘാതമേൽക്കാതെയും വാരിയെടുത്ത് ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതി വനം വകുപ്പുമായി ആലോചിച്ച് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി

വനം മേഖലയിലുള്ള നദീതീരത്ത് മണൽ വാരുന്നതിനുള്ള ക്രമീകരണങ്ങൾ വനം വകുപ്പ് നടത്തിയിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**സമിതി റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച മറുപടി 4-5-2005-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.**

വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി

വനപ്രദേശത്തുകൂടി ഒഴുകുന്ന നദികളിൽ നിന്നും വൻതോതിൽ മണൽ ശേഖരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മണൽവാരൽ കർശനമായി തടയുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. വനപ്രദേശത്തെ നദികളിൽ നിന്നും മണൽ ശേഖരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമാണ്. 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിന്റെ നിബന്ധനകൾ അനുസരിച്ച് അനുവാദം ലഭ്യമായിട്ടുള്ള പുഴകളിൽ നിന്നുമാണ് മണൽ ശേഖരണം അനുവദിക്കുന്നത്. ഇപ്രകാരം മണൽവാരാൻ അനുമതി നൽകുന്നത് പരിസ്ഥിതി സംരക്ഷണ

ത്തിനും അവയുടെ ജൈവ-ഭൗതിക-പരിസ്ഥിതി വ്യവസ്ഥകൾക്ക് കോട്ടം തട്ടാതെയു മാണ്. വനമേഖലകളിലെ നദികളിൽ നിന്നും മണൽവാരൽ നിരുത്സാഹപ്പെടുത്തണ മെന്നാണ് വനം വകുപ്പിന്റെ അഭിപ്രായം. വനമേഖലകളിലെ നദികളിൽനിന്നും മണൽ ശേഖരിക്കുന്നത് നദീതീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിലിനും നദികളുടെ നാശത്തിനും ഭൂഗർഭ ജലനിരപ്പ് താഴുന്നതിനും ജൈവ ഭൗതിക വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുമെന്നതിനാൽ കേന്ദ്ര വന (സംരക്ഷണ) നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ച് മാത്രമേ മണൽവാരൽ അനുവദിക്കുവാൻ നിവൃത്തിയുള്ളൂ (28-6-2005-ലെ 1478/സി3/2005/വനം നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**24-8-2005-ലെ യോഗത്തിൽ വനം-വന്യജീവി വകുപ്പിൽ നിന്നും ലഭിച്ച മറുപടി സമിതി അംഗീകരിച്ചു.**

87-ാം ഖണ്ഡികയിലെ ശുപാർശ

സംസ്ഥാനത്തെ ജലസേചന, ജലവൈദ്യുത പദ്ധതികളിലെ റിസർവോയറുകളിൽ ഗുണമേന്മയുള്ള മണലിന്റെ നല്ലൊരു ശേഖരമുള്ളതായി വിദഗ്ദ്ധർ അഭിപ്രായപ്പെടുകയു ണ്ടായി. ഈ മണൽ സമയാസമയം കോരിയെടുത്താൽ പദ്ധതിയുടെ ജലസംഭരണശേഷി വർദ്ധിക്കുന്നതോടൊപ്പം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആ മണൽ ഉപയോഗപ്പെടുത്തു കയും ചെയ്യാവുന്നതാണ്. ജില്ലാ വിദഗ്ദ്ധ സമിതിയുടെ സഹകരണത്തോടെ ഈ ആശയം എങ്ങനെ നടപ്പാക്കാം എന്നതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തണ മെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ മറുപടി

റിസർവോയറുകളിൽ അടിഞ്ഞുകൂടുന്ന മണൽ കാലാകാലങ്ങളിൽ സർക്കാർ അനുമതിയോടെ വാരാറുണ്ട്. 2003-ലെ കേരള ഇറിഗേഷൻ നിയമത്തിൽ ഈ മണൽ നീക്കുന്നതിനുള്ള വ്യവസ്ഥയുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി അംഗീകരിച്ചു.**

88-ാം ഖണ്ഡികയിലെ ശുപാർശ

കൃഷി ഭൂമിയോ മറ്റ് ആവാസ യോഗ്യമായ ഭൂമിയോ അതിന്റെ സ്വാഭാവികമായ അവസ്ഥയെ തകരാറിലാക്കുന്ന തരത്തിൽ ഖനനം ചെയ്ത് വില്പന നടത്തുന്ന ഭൂഉടമക ളേയും പ്രസ്തുത പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളേയും സ്ഥാപനങ്ങ ളേയും ഈ നിയമത്തിലെ വ്യവസ്ഥ പ്രകാരമോ 1957-ലെ കേരള ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ 1973-ലെ ക്രിമിനൽ നടപടിക്രമത്തിലെ വ്യവസ്ഥ കൾ പ്രകാരമോ ഉള്ള നടപടികൾക്ക് വിധേയമാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

നിലവിലുള്ള മണൽ നിയമത്തിൽ ഇതിന് വ്യവസ്ഥകളൊന്നുമില്ല. ഭൂസംരക്ഷണ നിയമത്തിലെയും ക്രിമിനൽ നടപടി സംഹിതയിലെയും വ്യവസ്ഥകളനുസരിച്ച് ഇത്തരം കാര്യങ്ങളിൽ കർശന നടപടികൾ സ്വീകരിക്കുവാൻ ആർ.ഡി.ഒ.മാർക്ക് നിർദ്ദേശം നൽകി യിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി അംഗീകരിച്ചു.**

89-ാം ഖണ്ഡികയിലെ ശുപാർശ

അനധികൃത മണൽവാരൽ രംഗത്ത് ക്രിമിനൽ മാഫിയ സൃഷ്ടിച്ചിരിക്കുന്ന ഭീകരാവസ്ഥ അവസാനിപ്പിക്കുന്നതിനും ഇത്തരം മാഫിയകളുമായി ചേർന്ന് പ്രവർത്തി ക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഈ ശുപാർശ ആഭ്യന്തരവും വിജിലൻസും വകുപ്പുകളിലേക്ക് മേൽ നടപടി കൾക്കായി നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു (30-3-2005-ലെ 53134/പി1/2004/ റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

സമിതിയുടെ 4-5-2005-ലെ യോഗത്തിൽ റവന്യൂ വകുപ്പിൽ നിന്നുള്ള മറുപടി പരിഗണിക്കുകയും ജലവിഭവ വകുപ്പിൽ നിന്നും അധികവിവരം ആരായാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി ആവശ്യപ്പെട്ട അധികവിവരം

അനധികൃത മണൽഖനനവും വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടുക്ക്, പ്രത്യേകിച്ച് പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ ക്രിമിനൽ മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായ പരാതികളും സമിതി സവിസ്തരം പരിഗണിക്കുക യുണ്ടായി. നിലവിലുള്ള നിയമവ്യവസ്ഥകളെയും നിയന്ത്രണങ്ങളെയും കാറ്റിൽപ്പറത്തി തങ്ങളുടെ രാഷ്ട്രീയ, സാമ്പത്തിക സ്വാധീനം ഉപയോഗപ്പെടുത്തി യാതൊരു വിവേചനവും ഇല്ലാതെ പുഴമണൽ വാരി വിൽപ്പന നടത്തുന്ന ഈ സംഘത്തിന്റെ പ്രവർത്തനം ഫലപ്രദമായി തടയുന്ന കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ നേതൃത്വം വേണ്ടത്ര വിജയിച്ചിട്ടില്ല എന്ന് സമിതി വിലയിരുത്തുകയുണ്ടായി. തങ്ങൾക്ക് വഴങ്ങാത്ത ഉദ്യോഗസ്ഥർക്കെതിരെ ആക്രമണവും വധഭീഷണിയും നടത്തുകയും ജനപ്രതിനിധിക ളേയും പരിസ്ഥിതി പ്രവർത്തകരേയും കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവങ്ങളും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അനധികൃത മണൽവാരൽ രംഗത്ത് ക്രിമിനൽ മാഫിയ സൃഷ്ടിച്ചിരിക്കുന്ന ഭീകരാവസ്ഥ അവസാനിപ്പിക്കുന്നതിനും ഇത്തരം മാഫിയക ളുമായി ചേർന്ന് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കടുത്ത അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>ജലവിഭവ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരം</u>

അനധികൃത മണൽവാരലിന് കൂട്ടുനിൽക്കുന്ന ജലസേചന വകുപ്പ് ഉദ്യോഗസ്ഥന്മാരെ കണ്ടെത്തുന്നതിനും അവർക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും വേണ്ട നിർദ്ദേശം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട് (24-10-2007-ലെ 19153/ ഐ.ആർ.2/04/ജലവിഭവ. നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട 89-ാമത് ശുപാർശയിന്മേലുള്ള സർക്കാർ മറുപടി സമിതിയുടെ 16-1-2008-ലെ യോഗത്തിൽ പരിഗണിക്കുകയും ഒരു തവണ മണൽവാരുന്നതിന് കൊടുക്കുന്ന ടോക്കൺ ഉപയോഗിച്ച് പലതവണ മണൽവാരുന്നുണ്ടെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു. ഇത്തരം ക്രമക്കേടുകൾ കർശനമായി തടയുന്നതിന് ജലവിഭവ വകുപ്പ് ഉചിതമായ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>ആഭ്യന്തര വകുപ്പിൽ നിന്നുള്ള മറുപടി</u>

അനധികൃത മണൽഖനനം നടത്തുന്ന കാര്യത്തിൽ ഒരു ക്രിമിനൽ മാഫിയ രംഗത്തുണ്ടെങ്കിൽ അമർച്ച ചെയ്യുന്നതിനും, ഇവരെ സഹായിക്കുന്ന ഉദ്യോഗസ്ഥരാരെങ്കിലും പോലീസ് വകുപ്പിൽ ഉണ്ടെങ്കിൽ അവർക്കെതിരെ കടുത്ത അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട് (25-5-2009-ലെ 34467/എം.2/2009/ആഭ്യന്തര. നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

സമിതിയുടെ 5-8-2009-ലെ യോഗം ആഭ്യന്തര വകുപ്പിൽ നിന്നുള്ള മറുപടി പരിഗണിക്കുകയും അതിൽ അസംതൃപ്തി രേഖപ്പെടുത്തുകയും അനധികൃത മണൽ വാരൽ സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തു:

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

(1) സമിതി ശുപാർശ ചെയ്തതിനുശേഷം അനധികൃത മണൽഖനനം നടത്തുന്ന ക്രിമിനൽ മാഫിയകളെ സഹായിക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ?

(2) ഇതു സംബന്ധിച്ച് ആർക്കെങ്കിലുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

(3) പോലീസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ അനധികൃത മണൽഖനനം നടത്തുന്നതിന് സഹായം ചെയ്യുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ ? എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകളിൽ ഏതെല്ലാം ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട് എന്ന വിശദവിവരം ലഭ്യമാക്കുക.

<u>ആഭ്യന്തര വകുപ്പിൽ നിന്നുള്ള അന്തിമ മറുപടി</u>

അനധികൃത മണൽവാരൽ രംഗത്തെ ക്രിമിനൽ മാഫിയകളെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തതിന് ശേഷം ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുകയും കേരള പ്രൊട്ടക്ഷൻ ഓഫ് റിവർ ബാങ്ക് ആന്റ് റിമൂവൽ ഓഫ് സാൻഡ് ആക്ട്, 2002 പ്രകാരം മൂന്ന് കേസ്

രജിസ്റ്റർ ചെയ്യുകയും 11 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു (20-2-2010-ലെ 83676/എം.2/2009/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**17-11-2011-ലെ യോഗത്തിൽ സമിതി ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ച മറുപടി അംഗീകരിച്ചു.**

<u>90-ാം ഖണ്ഡികയിലെ ശുപാർശ</u>

സംസ്ഥാനത്തെ മണൽകൊള്ള ഫലപ്രദമായി തടയുന്ന കാര്യത്തിൽ നിലവിലുള്ള പോലീസ് സേനയ്ക്ക് അവരുടെ കൃത്യാന്തര ബാഹുല്യത്താൽ പലപ്പോഴും കഴിയാറില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. തീരപ്രദേശങ്ങളിലെ ക്രമസമാധാനനില പരിപാലിക്കുന്നതിനായി സംസ്ഥാനത്ത് പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന "തീരദേശസംരക്ഷണ സേനയുടെ" മാതൃകയിലോ നിലവിലുള്ള "ഹൈവേ പട്രോൾ" മാതൃകയിലോ ഒരു പ്രത്യേക സേനാവിഭാഗം രൂപീകരിച്ച് അവർക്കാവശ്യമായ പരിശീലനവും ആയുധവും നൽകി മണൽവാരൽ നിയന്ത്രണ നടപടികൾ കൂടുതൽ കർക്കശമാക്കുന്ന കാര്യം സർക്കാർ സഗൗരവം പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

<u>സർക്കാർ മറുപടി</u>

മണൽവാരൽ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും റവന്യൂ ഡിപ്പാർട്ട്മെന്റിന്റെയും ചുമതലയാണ്. നിലവിലുള്ള നിയമമനുസരിച്ച് ഇക്കാര്യത്തിൽ പോലീസിന് പരിമിതമായ അധികാരങ്ങളേയുള്ളൂ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും റവന്യൂ ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥരുടെ പരാതിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ഈ സംഗതിയുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നത്. മണൽവാരൽ നിയന്ത്രണ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നദികളുടെ സംരക്ഷണത്തിനും മണൽവാരൽ നിയന്ത്രണനിയമത്തിൽ പോലീസിന് കൂടുതൽ അധികാരങ്ങൾ നൽകുന്നപക്ഷം കൂടുതൽ നടപടികൾ എടുക്കുവാൻ സാധിക്കുന്നതാണ്. ഇപ്പോൾ തന്നെ പ്രസ്തുത വിഷയത്തിൽ പോലീസിന്റെ സേവനം ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരുടെ ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. തുടർന്നും അവർ ആവശ്യപ്പെടുമ്പോൾ അതാത് ജില്ലാ സായുധസേനാ വിഭാഗങ്ങളിൽ നിന്നും പോലീസിന്റെ സേവനം ലഭ്യമാക്കുന്നതാണ്. മേൽപ്പറഞ്ഞ കാരണങ്ങളാലും ഇത് ഒരു ക്രമസമാധാന പ്രശ്നമല്ലാത്തതിനാലും മണൽവാരൽ നിയന്ത്രിക്കുന്നതിനായി പോലീസിൽ ഒരു പ്രത്യേക സേനാവിഭാഗത്തിന്റെ രൂപീകരണം ആവശ്യമില്ലാത്തതാകുന്നു (17-11-2007-ലെ 79257/ഇ1/2007/ആഭ്യന്തരം നമ്പർ കത്തുമുഖേന ലഭ്യമാക്കിയ മറുപടി).

**10-8-2007-ലെ യോഗത്തിൽ സമിതി മറുപടി അംഗീകരിച്ചു.**

91-ാം ഖണ്ഡികയിലെ ശുപാർശ

വിവിധ വകുപ്പുകളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെയുള്ള നിയന്ത്രണം എന്ന പൊതുതത്വത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ മാത്രമെ ഇതിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുകയുള്ളൂ എന്നുള്ളതുകൊണ്ട് അതിനാവശ്യമായ ക്രമീകരണംകൂടി നിയമത്തിൽ വരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും റവന്യൂ, തദ്ദേശഭരണം, മൈനിംഗ് ആന്റ് ജിയോളജി, ജലസേചനം, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി, ആഭ്യന്തരം എന്നീ വകുപ്പ് സെക്രട്ടറിമാർ, ഡയറക്ടർ എർത്ത് സയൻസ് സ്റ്റഡീസ്, എക്സിക്യൂട്ടീവ് ഡയറക്ടർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് മാനേജ്മെന്റ് എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ച്, സംസ്ഥാനത്തെ മണൽവാരൽ നിയന്ത്രണ നടപടികൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന തരത്തിലുള്ള ഒരു ഭേദഗതി കൂടി നിയമത്തിൽ വരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഈ ശുപാർശ ബിസിനസ് ചട്ടങ്ങളിലെ 45-ാം ചട്ടം അനുസരിച്ച് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ നിയമവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട് (30-3-2005-ലെ 53134/പി1/ 2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

4-5-2005-ലെ യോഗത്തിൽ സമിതി ഇക്കാര്യത്തിലെ നടപടികളുടെ പുരോഗതി അറിയിക്കുവാൻ ആവശ്യപ്പെട്ടു.

2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണനിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**(റവന്യൂ വകുപ്പിന്റെ അന്തിമ മറുപടി ഇനിയും ലഭ്യമായിട്ടില്ല.)**

93-ാം ഖണ്ഡികയിലെ ശുപാർശ

പുഴമണലിനുപകരം നിർമ്മാണാവശ്യത്തിനായി പാറപ്പൊടി ലഭ്യമാക്കുന്നതിനു വേണ്ടി പരിസരശബ്ദമലിനീകരണ നിയന്ത്രണങ്ങൾക്ക് വിധേയമായി, ക്രഷറുകൾ സ്ഥാപിച്ച് ഗുണമേന്മയുള്ള പാറപ്പൊടി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നും ഇതു സംബന്ധമായി നിലവിലുള്ള ചട്ടങ്ങളിൽ ഇളവുകൾ വരുത്തി അവ പ്രോത്സാഹിപ്പിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

സംസ്ഥാനത്ത് പാറപ്പൊടി ലഭ്യമാക്കുന്നതിന് ആവശ്യമായ ക്രഷറുകൾ സ്ഥാപിക്കുവാൻ സംസ്ഥാന ഭവന ബോർഡിനേയും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച നിയമത്തിൽ ഏതെങ്കിലും ഭേദഗതികൾ ആവശ്യമുള്ളപക്ഷം അത് ശ്രദ്ധയിൽപ്പെടുന്ന സന്ദർഭത്തിൽ അവ പരിശോധിച്ച് പരിഹാരനിർദ്ദേശങ്ങൾ നൽകാവുന്നതാണ് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

സമിതിയുടെ 4-5-2005-ലെ യോഗത്തിൽ റവന്യൂ വകുപ്പിൽ നിന്നുള്ള മറുപടി പരിഗണിക്കുകയും സംസ്ഥാനത്ത് പാറപ്പൊടി സുലഭമായി ലഭിക്കുന്നതിന് ആവശ്യമായ ക്രഷറുകൾ സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് കൂടുതൽ വിശദാംശം ആരായാൻ തീരുമാനിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് 18-5-2005-ലെ യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുക്കുകയുണ്ടായി.

ഖണ്ഡിക 93-ൽ ശുപാർശ ചെയ്തിരുന്നപ്രകാരം പുഴമണലിനുപകരം നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിനാവശ്യമായ പാറപ്പൊടി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങളും സമിതി ആരായുകയുണ്ടായി. പരിസര മലിനീകരണം ഉണ്ടാകാത്തവിധത്തിൽ പാറ പൊടിച്ച് വിതരണം നടത്തുന്ന ഏതാനും ക്രഷർ യൂണിറ്റുകൾ ഇപ്പോൾ തന്നെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും നിലവിലുള്ള നിബന്ധനകൾ പാലിച്ചു കൊണ്ടുതന്നെ അവയുടെ എണ്ണം കൂട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് പുഴമണലിനുപകരം പാറപ്പൊടി ഉപയോഗിക്കുന്നതു സംബന്ധിച്ച് ആവശ്യമായ ഭേദഗതികൾ പൊതുമരാമത്ത് കോഡിൽ ഉൾക്കൊള്ളിക്കുന്നതിനെ സംബന്ധിച്ച വിശദാംശം പരിശോധിച്ച് അറിയിക്കാമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

റിവർ സാന്റിനുപകരം എം സാന്റ് ഉപയോഗത്തിൽ വരുത്തിയിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാരിന്റെ നിർമ്മാണ പ്രവർത്തികൾക്ക് ബാധകമായിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ അംഗീകൃത നിർമ്മാണ സാമഗ്രികളുടെ പട്ടികയായ പി.ഡബ്ള്യൂ.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ മാനുഫാക്ചേർഡ് സാന്റ് അഥവാ എം സാന്റ് എന്ന ഇനവും ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പുഴമണലിനോടൊപ്പം എം സാന്റും ഒരു നിർമ്മാണ സാമഗ്രിയായി അംഗീകരിച്ചിട്ടുണ്ട് (22-6-2007-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**10-8-2007-ലെ യോഗത്തിൽ മറുപടി സമിതി അംഗീകരിച്ചു.**

94-ാം ഖണ്ഡികയിലെ ശുപാർശ

നമ്മുടെ തീരപ്രദേശത്ത് വൻതോതിൽ ശേഖരിക്കപ്പെട്ടിട്ടുള്ള കടൽമണൽ പരിസ്ഥിതിക്ക് കോട്ടം സംഭവിക്കാതെയും മത്സ്യബന്ധന പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തടസ്സം വരാതെയും ഖനനം ചെയ്ത് ശുദ്ധീകരിച്ച് സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതരത്തിലുള്ള പദ്ധതികൾക്കുകൂടി രൂപം നൽകേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ മറുപടി

കടൽമണൽ ഖനനം സംബന്ധിച്ച് ഏതെങ്കിലും പഠനം സെസ് നടത്തിയിട്ടുണ്ടോ എന്ന് ആരായുകയും ഇപ്രകാരം ഒരു പഠനം നടത്തിയിട്ടില്ലെങ്കിൽ ഇത് സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിലേക്കുള്ള ഒരു രൂപരേഖ തയ്യാറാക്കി അയച്ചുതരുവാനും സെസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത്).

**4-5-2005-ലെ യോഗത്തിൽ മറുപടി സമിതി അംഗീകരിച്ചു.**

95-ാം ഖണ്ഡികയിലെ ശുപാർശ

അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന മണൽ ലോറികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം പിൻവലിക്കുകയോ ലഘൂകരിക്കുകയോ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തെ പുഴമണൽ അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റിക്കൊണ്ട് പോകുന്നത് കർശനമായി നിരോധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

അന്യ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന മണലിന് 1963-ലെ വിൽപ്പന നികുതി നിയമപ്രകാരം അന്തർസംസ്ഥാന പാസ്സുള്ള മണലിന് 4% വിൽപ്പന നികുതിയും 15% അധിക വിൽപ്പന നികുതിയും ആണ് ഈടാക്കുന്നത്. എന്നാൽ അനധികൃതമായി കൊണ്ടുവന്നാൽ അതിന് ഇരട്ടി തുക പിഴയായി ഈടാക്കുന്നുണ്ട്. മറ്റ് നിയന്ത്രണങ്ങളൊന്നും ഇതിന് ഏർപ്പെടുത്തിയിട്ടില്ല. അതിനാൽ നിലവിലുള്ള നിയന്ത്രണം പിൻവലിക്കുവാനോ ലഘൂകരിക്കുവാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. അന്യസംസ്ഥാനങ്ങളിലേക്ക് മണൽ കയറ്റികൊണ്ടുപോകുന്നത് കർശനമായി നിരോധിക്കണമെങ്കിൽ മണലിന്റെ വ്യാപാരവിനിമയം സർക്കാരിൽ മാത്രമായി നിക്ഷിപ്തമായുള്ള നിയമനിർമ്മാണം ആവശ്യമാണ്. അത്തരമൊരു നിയമനിർമ്മാണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റികൊണ്ടുപോകുന്ന മണൽ കർശനമായും പാസ് മുഖാന്തിരമായി നിയന്ത്രിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവർ അന്തർ സംസ്ഥാന വില്പന നികുതി നൽകുവാൻ ബാദ്ധ്യസ്ഥരാണ്. പാസ് കൂടാതെ കൊണ്ടുപോകുന്ന ഇത്തരം മണൽ കണ്ടുകെട്ടാനും വ്യവസ്ഥയുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി അംഗീകരിച്ചു.**

96-ാം ഖണ്ഡികയിലെ ശുപാർശ

സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച കരാറിൽ "റിവർ സാൻഡ്" ഉപയോഗിക്കണം എന്ന നിഷ്ക്കർഷത കാലോചിതമായി പരിഷ്ക്കരിക്കണമെന്നും പുഴമണലിന് ബദലായി ഈ രംഗത്തെ വിദഗ്ദ്ധർ ശുപാർശ ചെയ്യുന്ന വസ്തുക്കൾ കൂടി ഉപയോഗിക്കാവുന്ന തരത്തിൽ ബന്ധപ്പെട്ട ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ശുപാർശ മേൽനടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത്).

**4-5-2005-ലെ യോഗത്തിൽ മറുപടി സമിതി അംഗീകരിച്ചു.**

98-ാം ഖണ്ഡികയിലെ ശുപാർശ

നമ്മുടെ നയരൂപീകരണ വിദഗ്ദ്ധർ, എഞ്ചിനീയറിംഗ് മേധാവികൾ, ആർക്കിടെക്റ്റുകൾ തുടങ്ങിയവർക്ക് ഇതര സംസ്ഥാനങ്ങളിലും വിദേശത്തും പോയി പാറമണൽ, കടൽമണൽ എന്നിവയുടെ രൂപീകരണത്തേയും ഉപയോഗത്തേയും സംബന്ധിച്ച് പഠിക്കുവാൻ അവസരം ഒരുക്കണമെന്നും ചെലവ് കുറഞ്ഞതും മണലിന്റെ ഉപയോഗം കുറഞ്ഞതുമായ നിർമ്മാണ രീതികൾ കണ്ടെത്തുവാനും പ്രചരിപ്പിക്കുവാനുമായി ശാസ്ത്ര സാങ്കേതിക കൗൺസിലിനോടും മറ്റ് എഞ്ചിനീയറിംഗ് ഗവേഷണ സ്ഥാപനങ്ങളോടും ആവശ്യപ്പെടണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ആറ്റുമണലിന്റെ ഉപയോഗം കുറഞ്ഞതായ നിർമ്മാണരീതി കണ്ടെത്തുവാനായി സെസിന്റെ ശുപാർശ അനുസരിച്ച് ഭവന വകുപ്പിനെയും പൊതുമരാമത്ത് വകുപ്പിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ റിപ്പോർട്ട് വന്നശേഷം ഇതു സംബന്ധമായ പ്രചാരണവും നടത്തുന്നതാണ് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി അംഗീകരിച്ചു.**

99-ാം ഖണ്ഡികയിലെ ശുപാർശ

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നമ്മുടെ നദികളെക്കുറിച്ചും തന്മൂലം ഉളവായിട്ടുള്ള ജൈവ പാരിസ്ഥിതിക വിപത്തുകളെപ്പറ്റിയും ഭാവി തലമുറ നേരിടേണ്ടിവന്നേക്കാവുന്ന ദുരന്തങ്ങളെ സംബന്ധിച്ചും അതുപോലെ പുഴമണലിന്റെ സംരക്ഷണം, നിർമ്മാണ പ്രവർത്തനങ്ങളിൽ പുഴമണൽ ഒഴിവാക്കി പകരം ഉപയോഗിക്കേണ്ട വസ്തുക്കൾ അവയുടെ ഗുണമേന്മ എന്നിവ സംബന്ധിച്ചും ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണം വിവിധ സർക്കാർ ഏജൻസികളിലൂടെ അടിയന്തിരമായി നടത്തണമെന്നുകൂടി സമിതി ശുപാർശ ചെയ്യുന്നു.

സർക്കാർ മറുപടി

ഇത്തരം ബോധവൽക്കരണം വിവിധ സർക്കാർ ഏജൻസികളുമായി ചേർന്ന് നടത്തുവാൻ ജില്ലാ വിദഗ്ദ്ധ സമിതികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് (30-3-2005-ലെ 53134/പി1/2004/റവന്യൂ നമ്പർ കത്ത് പ്രകാരം ലഭിച്ചത്).

**4-5-2005-ലെ യോഗത്തിൽ സമിതി മറുപടി അംഗീകരിച്ചു.**

## അദ്ധ്യായം 3

## ശുപാർശകൾ

1. 2002-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 27, 28 എന്നീ ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന "വാഹനം" എന്ന നിർവ്വചനത്തിൽ വള്ളം, മണൽവാരലുമായി ബന്ധപ്പെട്ട മറ്റ് ഉപകരണങ്ങൾ എന്നിവ ഉൾപ്പെടാത്തതിനാൽ ആയതുകൂടി ഉൾപ്പെടുത്തുന്നതിനായി വാഹനം എന്ന വാക്കിനു പുറമേ "utensil" എന്നുകൂടി ചേർക്കുന്നതിനായി 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണനിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കാതെ മണൽ കടത്തിക്കൊണ്ട് പോകാൻ ഉപയോഗിച്ച വാഹനം പിടിച്ചെടുത്തശേഷം ലേലം ചെയ്ത് വിൽക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ചട്ടം 28(2)-ലെ '27-ാം ചട്ടം 3-ാം ഉപചട്ടം അനുസരിച്ചുള്ള പിഴയും തുകയും നൽകാതിരിക്കുകയോ ചെയ്താൽ ജില്ലാ കളക്ടർക്ക് വാഹനം ലേലം ചെയ്ത് വിൽക്കാവുന്നതാണ്' എന്നത് '27- ാം ചട്ടം 3-ാം ഉപചട്ടം അനുസരിച്ചുള്ള പിഴയും തുകയും നൽകാതിരിക്കുകയോ ചെയ്താൽ ജില്ലാ കളക്ടർക്ക് ഒരു മാസത്തിനുള്ളിൽ വാഹനം ലേലം ചെയ്ത് വിൽക്കാവുന്നതാണ്' എന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്ത് ഭേദഗതി വരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. വിവിധ വകുപ്പുകളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെയുള്ള നിയന്ത്രണം എന്ന പൊതുതത്വത്തിന്റെ അടിസ്ഥാനത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ മാത്രമെ ചട്ടത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കാൻ കഴിയുകയുള്ളൂ എന്നുള്ളതുകൊണ്ട് അതിനാവശ്യമായ ക്രമീകരണംകൂടി നിയമത്തിൽ വരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും റവന്യൂ, തദ്ദേശഭരണം, മൈനിംഗ് ആന്റ് ജിയോളജി, ജലസേചനം, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി, ആഭ്യന്തരം എന്നീ വകുപ്പ് സെക്രട്ടറിമാർ, ഡയറക്ടർ, എർത്ത് സയൻസ് സ്റ്റഡീസ്, എക്സിക്യൂട്ടിവ് ഡയറക്ടർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് മാനേജ്മെന്റ് എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ച്, സംസ്ഥാനത്തെ മണൽവാരൽ നിയന്ത്രണ നടപടികൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന തരത്തിലുള്ള ഒരു ഭേദഗതി കൂടി നിയമത്തിൽ വരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണനിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു. 2002-ലെ കേരള നദീതീര സംരക്ഷണവും, മണൽ വാരൽ നിയന്ത്രണനിയമവും ചട്ടങ്ങളും സമിതിയുടെ ശുപാർശകൾ ഉൾപ്പെടുത്തി കാലതാമസം കൂടാതെ ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**എം. ഉമ്മർ,**

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 മാർച്ച് 21.